**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 449 11.06.2013 ൽ മറുപടിക്ക്**

## <u>എം.സി. റോഡിലെ സുരക്ഷാ ക്രമീകരണങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | എം.സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെയുള്ള ഭാഗത്ത് 2012-2013 ൽ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് മോട്ടോർ വാഹന വകുപ്പും റോഡ് സേഫ്റ്റി അതോറിറ്റിയും നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.റ്റി.പിയുടെ കീഴിൽ വരുന്ന എം.സി റോഡിലെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും മേല്പറഞ്ഞ റോഡിൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴക്കൂട്ടം-വെഞ്ഞാറമൂട്-കൊട്ടാരക്കര-അടൂർ റോഡിനെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള 'സേഫ് കോറിഡോർ' ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി - 2 പദ്ധതിയിൽ ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കനാണുദ്ദേശിക്കുന്നത്. ഇതിനു വേണ്ടി പോലീസ്, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയമിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. ഇത് ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ പരിഗണനയിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എന്ത് തുക ചെലവായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | 9.05 കോടി രൂപയ്ക്ക് 10 റോഡുകളുടെ റോഡ് സുരക്ഷാ പ്രവൃത്തിയിലാണ് എം.സി. റോഡിന്റെ കാരേറ്റ് തട്ടത്തുമല വരെയുള്ള റോഡും ഉൾപ്പെടുത്തി, പണികൾ പൂർത്തിയാക്കിയത്. |
| (സി) | 2012-2013 ൽ പ്രസ്തുത മേഖലയിൽ എത്ര വാഹനാപകടങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | 2012-2013 ൽ എം.സി റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമലവരെയുള്ള മേഖലയിൽ 112 വാഹനാപകടങ്ങൾ നടന്നിട്ടുണ്ട്. 38 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഈ അപകടങ്ങളിൽ 118 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ